LIBRARY ARCHIVES Kerala Legislative Assembly

ശ്രേഷ്ഠവും അനുകരണീയവുമായ നൂതന പദ്ധതികൾ ആവിഷ്കരിച്ചതിനും സംസ്ഥാനത്ത് നടപ്പിലാക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടിക്കും അവാർഡുകൾ കേരളത്തിന് ലഭിക്കുകയുണ്ടായി. മെഡ്സ്കാപ്പ് ഇൻഡ്യയുടെ പൊതുജനാരോഗ്യ രംഗത്തെ മികവിനുള്ള ഒന്നാം സമ്മാനം കേരള സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രിക്ക് ലഭിക്കുകയുണ്ടായി. കൂടാതെ ഇൻഡ്യൻ സൊസൈറ്റി ഫോർ ലെഡ് അവയർനെസ് ആന്റ് റിസർച്ചിന്റെ 2015-ലെ അവാർഡും ആർ.എൻ.റ്റി.സി.പി.-യുടെ പ്രവർത്തനത്തിനുള്ള ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള ഡോ. കെ. സി. മൊഹന്റി അവാർഡും 2013-ൽ ലഭിക്കുകയുണ്ടായി.

(സി&ഡി) സംസ്ഥാന ഭരണത്തിന്റെ എല്ലാ മേഖലകളിലും മുൻവർഷങ്ങളിലേക്കാൾ സമഗ്രമായ മികവ് വരും വർഷങ്ങളിലും നേടിയെടുക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നടന്നുവരുന്നത്. വിഷൻ 2030, എമർജിംഗ് കേരള, സേവനാവകാശ നിയമം തുടങ്ങിയ വിവിധ പദ്ധതികളിലൂടെയും നിയമ നിർമ്മാണത്തിലൂടെയും സംസ്ഥാന ഭരണത്തിൽ സമഗ്രമായ മികവ് നേടിയെടുക്കുന്നതിന് ശ്രമിച്ചുവരുന്നു. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി നടന്നുവരുന്നു. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കാസർഗോഡ് ജില്ലയ്ക്കായി പദ്ധതി

49(19) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയ്ക്കായി മുൻ ചീഫ് സെക്രട്ടറി ഡോ. പി. പ്രഭാകരന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കുന്നതിന് എത്ര കോടി രൂപ ആവശ്യമുള്ളതായി കണക്കാക്കിയിരുന്നു ;

(ബി) തന്നാണ്ടിൽ പദ്ധതിക്കായി വകയിരുത്തിയ തുകയിൽ എത്ര തുക പിൻവലിച്ചിട്ടുണ്ട്; വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു;

(സി) തുക വിനിയോഗിക്കാൻ കഴിയാതിരുന്നിട്ടുണ്ടെങ്കിൽ കാരണം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആകെ 11123.07 കോടി രൂപ ചെലവുവരുന്ന പദ്ധതികളാണ് ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) തന്നാണ്ടിൽ വകയിരുത്തപ്പെട്ട 85 കോടി രൂപയിൽ നിന്നും 79.64 കോടി രൂപ പിൻവലിക്കുന്നതിനുള്ള ഉത്തരവായിട്ടുണ്ട്.

(സി) വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന ഡി.പി.ആർ-ന്റെ അടിസ്ഥാനത്തിലാണ് തുക വിനിയോഗിക്കുന്നത്. അനുവദിച്ച എല്ലാ പദ്ധതികളുടേയും ഡി.പി.ആർ തയ്യറാക്കിയിട്ടില്ല. അത് തയ്യാറാക്കുന്ന മുറയ്ക്ക് പദ്ധതികൾ ആരംഭിച്ച് തുക വിനിയോഗ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

വികലാംഗരുടെ ഉദ്യോഗ സംവരണം

50 (20) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരിപക്ഷം വികലാംഗർക്കും വളരെ വൈകിയാണ് ജോലി ലഭിക്കുന്നത് എന്ന കാര്യം പരിഗണനയിലെടുത്ത് വികലാംഗരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) വികലാംഗർക്ക് ഉദ്യോഗ സംവരണം നൽകണമെന്ന 1981- ലെ ശുപാർശ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഹരിയാന പോലുള്ള സംസ്ഥാനങ്ങളിൽ വികലാംഗരുടെ പെൻഷൻ പ്രായം വൈകല്യം കുറഞ്ഞവർക്ക് 60 വയസ്സും 70%-ൽ കൂടുതൽ വൈകല്യം ഉള്ളവർക്ക് 62 വയസ്സുമാണെന്നിരിക്കെ, ഇത് കേരളത്തിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) വികലാംഗർക്ക് നിയമനങ്ങളിൽ 3% സംവരണം നൽകി വരുന്നുണ്ട്.

(സി) പരിഗണനയിലില്ല